പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി - പെൻഷൻ ഫണ്ട് രൂപീകരണവു അംശദായ വർദ്ധനവും സംബന്ധിച്ച് പത്രപ്രവർത്തക യൂണിയൻ പ്രതിനിധികളുമായി 25-07-2025 ന് വിവരപൊതു ജനസമ്പർക്ക വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ആദ്യമായി യോഗത്തിൽ പങ്കെടുത്തവരെ ഐ&പിആർഡി ഡയറക്ടർ സ്വാഗതം ചെയ്തു. നിലവിൽ വിവരപൊതുജനസമ്പർക്ക വകുപ്പ് മുഖാന്തിരം 1993 മുതൽ സർക്കാർ നടപ്പാക്കി വരുന്ന ജേർണലിസ്റ്റ് പെൻഷൻ പദ്ധതി, നിലവിൽ ഒരു വശത്ത് പെൻഷൻ ഫണ്ട് അപര്യാപ്ത മൂലം മാസംതോറുമുള്ള പെൻഷൻ പോലും കൊടുക്കാൻ ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് അലോക്കേഷൻ കൊണ്ട് സാധിക്കാത്ത സ്ഥിതിയും, മറുവശത്ത് പെൻഷനർമാർക്കുള്ള കുടിശ്ശിക വിതരണത്തിന് അധിക ധനം കണ്ടെത്തേണ്ട സ്ഥിതിയും കണക്കിലെടുത്ത്, അധിക ധനസമാഹരണ മാർഗങ്ങൾ കണ്ടെത്താതെ പെൻഷൻ പദ്ധതി സർക്കാരിന് തുടർന്ന് കൊണ്ടുപോകാൻ പ്രയാസകരമായി തീർന്നിരിക്കുകയാണെന്നും വിവരപൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ ചർച്ചയുടെ ആമുഖമായി പറഞ്ഞു.

തുടർന്ന് വകുപ്പ് ഡയറക്ടർ നടപ്പ് സാമ്പത്തിക വർഷത്തെ (2025-26) ബജറ്റ് അലോക്കേഷൻ പ്രകാരം 9,62,35,000/- രൂപയാണ് 50% പത്രപ്രവർത്തക പെൻഷൻ, ആശ്രിത പെൻഷൻ, അവശ പത്രപ്രവർത്തക, അവശ പത്രപ്രവർത്തക ആശ്രിത, പ്രഗൽഭ, പ്രഗൽഭ-ആശ്രിത പെൻഷൻ എന്നീ വിഭാഗം പെൻഷനർമാർക്ക് പെൻഷൻ വിതരണം ചെയ്യാൻ ലഭിച്ചിട്ടുള്ളതെന്നും; ഇതിൽ 2025 ജൂലൈ മാസം വരെ ആകെ 3,64,21,000/- രൂപ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട് അവശേഷിക്കുന്നത് 5,98,14,000/- രൂപയാണെന്നും വകുപ്പ് ഡയറക്ടർ പറയുകയുണ്ടായി.

നിലവിൽ 91,99,750/- രൂപ പ്രതിമാസം ജേർണലിസ്റ്റ് പെൻഷൻ വിതരണത്തിനായി വേണ്ടി വരുന്നുണ്ട്. ഈ നിരക്കിൽ സാമ്പത്തിക വർഷം 2025 ഓഗസ്റ്റ് മുതൽ മാർച്ച് 2026 വരെ നൽകാൻ 7,35,98,000/- രൂപ ആവശ്യമായി വരും. നടപ്പ് സാമ്പത്തിക വർഷം (2025-26) 1,37,84,000/- രൂപ അധിക ധനം ലഭിച്ചാൽ മാത്രമേ നടപ്പ് സാമ്പത്തിക വർഷം പ്രതിമാസ പെൻഷൻ മുഴുവനായി കൊടുത്ത് തീർക്കാൻ സാധിക്കുകയുള്ളു എന്നും; ഇതിന് പുറമെ ഏകദേശം 6 കോടി രൂപയടുപ്പിച്ച് കുടിശ്ശിക ഇനത്തിൽ നല്കാനുമുണ്ടെന്ന് വകുപ്പ് ഡയറക്ടർ പറഞ്ഞു.

തുടർന്ന് ചർച്ചയിൽ പങ്കെടുത്ത കെ. യു. ഡബ്ല്യു ജെ. ഭാരവാഹികളോട് പെൻഷൻ ഫണ്ടിലേക്ക് അധിക ധനമാർഗ വഴികൾ തേടുന്നതിന്റെ മാർഗമായി അംഗങ്ങൾ നിലവിൽ അടയ്ക്കുന്ന മാസം തോറുമുള്ള അംശാദായ വിഹിതം കഴിഞ്ഞ അഞ്ച് വർഷമായി കൂട്ടിയിട്ടില്ല എന്നും, അത് കാലോചിതമായി കൂട്ടുന്നതിനെ കുറിച്ച് വകുപ്പ് ഡയറക്ടർ അഭിപ്രായം ആരാഞ്ഞു.

ചർച്ചയിൽ പങ്കെടുത്ത കെ.യു.ഡബ്ല്യുജെ. ഭാരവാഹികൾ ഏകകണ്ഠമായി നിലവിലെ അംശദായ തുക വർദ്ധിപ്പിക്കുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചു. സർക്കാർ പെൻഷൻ പദ്ധതിയിലൂടെ ലഭിക്കുന്ന നിലവിലെ പെൻഷൻ തുകയായ 7000/- രൂപ വർധിപ്പിച്ചാൽ മാത്രമേ അംശദായ തുക അതിന് ആനുപാതികമായി വർധിപ്പിക്കുന്നതിനോട് സഹകരിക്കാൻ കഴിയുകയുള്ളു എന്ന് അതിപ്രായപ്പെടുകയുണ്ടായി.

പെൻഷൻ ഫണ്ട് വിപുലീകരണവുമായി ബന്ധപ്പെട്ട് ചർച്ചയിൽ സംഘടനാ ഭാരവാഹികളുടെ ഭാഗത്ത് നിന്ന് ഉയർന്ന് വന്ന മറ്റ് ധനസമാഹരണ മാർഗ്ഗങ്ങൾ ചുവടെ പറയുന്നവയാണ്.

ശ്രീ സുരേഷ് എടപ്പാൾ, ജനറൽ സെക്രട്ടറി കെ. യു. ഡബ്ല്യു ജെ.:

നിലിവിൽ സർക്കാർ പരസ്യങ്ങൾക്ക് അച്ചടി, ദൃശ്യ മാധ്യമങ്ങൾ നൽകി വരുന്ന ഇളവോടുകൂടിയ പരസ്യനിരക്കിന്മേൽ നൽകി വരുന്ന 15% ഇളവ്, പെൻഷൻ ഫണ്ടിലേക്ക് വകയിരുത്താൻ നടപടി സ്വീകരിക്കുക.

ശ്രീ കെ പി റെജി, പ്രസിഡന്റ്, കെ. യു. ഡബ്ല്യു ജെ.:

അച്ചടി, ദൃശ്യ മാധ്യമങ്ങളിൽ വരുന്ന സ്വകാര്യ പരസ്യങ്ങൾക്ക് മേൽ 1% സെസ് ഏർപ്പെടുത്തുക.

ശ്രീ എസ് ആർ ശക്തീധരൻ, ജേർണലിസ്റ്റ് പെൻഷൻ മാനേജിങ് കമ്മിറ്റി അംഗം എഴുതി തന്ന നിർദേശങ്ങൾ:

പെൻഷൻ തുകയിൽ വരുന്ന വർദ്ധനയുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ബജറ്റ് വിഹിതത്തിൽ ആനുപാതിക വർദ്ധനയാണ് നൽകിവരുന്നത്. നിലവിൽ 11,000/- രൂപയാണ് ജേർണലിസ്റ്റ് പെൻഷൻ തുക. കൂടാതെ എമിനെന്റ് ജേർണലിസ്റ്റ്, ആശ്രിത പെൻഷൻ, വിവിധ വിഭാഗങ്ങളിൽ പെടുന്ന ജേർണലിസ്റ്റുകൾക്കും പെൻഷൻ നൽകുന്നുണ്ട്. പെൻഷന് അർഹരാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇതിനാനുപാതികമായി ബജറ്റ് വിഹിതത്തിൽ വർദ്ധന ഉണ്ടായിട്ടില്ല. നിലവിലെ സാഹചര്യത്തിൽ മുടക്കം കൂടാതെ പെൻഷൻ വിതരണം തുടരാൻ ബജറ്റ് വിഹിതത്തിൽ കാലോചിതമായ വർദ്ധന അനിവാര്യമായിരിക്കുന്നു.

പെൻഷൻ ഫണ്ടിലേക്ക് പത്ര ഉടമകളുടെ ഭാഗത്തുനിന്ന് സഹായകരമായ നടപടികൾ നാളിതുവരെ ഉണ്ടായിട്ടില്ല. മേൽ സാഹചര്യത്തിൽ പെൻഷൻ വിതരണം സുഗമമായി നടപ്പിലാക്കുന്നതിന് സഹായകരമായി ബജറ്റ് വിഹിതത്തിൽ വർദ്ധന വരുത്തണമെന്ന് അഭിപ്രായപ്പെട്ടു.

ചർച്ച അവസാനിപ്പിക്കുന്നതിന് മുന്നോടിയായി, വരും നാളുകളിൽ പെൻഷൻ ഫണ്ട് വിപുലീകരണവുമായി ബന്ധപ്പെട്ട് ജേർണലിസ്റ്റ് സംഘടനകളുടെ ഭാഗത്ത് നിന്ന് ക്രിയാത്മകവും, പ്രായോഗികവുമായ സഹായസഹകരണം അനിവാര്യമാണെന്ന് വിവരപൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

യോഗത്തിൽ പങ്കെടുത്തവർക്ക് വകുപ്പ് ഡയറക്ടർ നന്ദി പറഞ്ഞു.

യോഗം ഉച്ചയ്ക്ക് 1.15 മണിയ്ക്ക് അവസാനിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീ.സന്തോഷ്.കെ.ജി, അഡീഷണൽ ഡയറക്ടർ (ജി&എ), ഐ&പിആർഡി.
2. ശ്രീ.ജയകുമാർ. എസ്, ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ), ഐ&പിആർഡി.
3. ശ്രീ സുരേഷ് എടപ്പാൾ, ജനറൽ സെക്രട്ടറി കെ. യു. ഡബ്ല്യു ജെ.
4. ശ്രീ കെ പി റെജി, പ്രസിഡന്റ്, കെ. യു. ഡബ്ല്യു. ജെ.
5. ശ്രീ എസ് ആർ ശക്തീധരൻ, ജേർണലിസ്റ്റ് പെൻഷൻ മാനേജിങ് കമ്മിറ്റി അംഗം

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

വിശദീകരണക്കുറിപ്പ്

ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ വിവധ കാരണങ്ങളാൽ അംശദായം മുടങ്ങിയവരുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനു വേണ്ടി വകുപ്പ് 2024 അവസാനം മൂന്ന് ജില്ലകളിൽ അദാലത്തുകൾ നടത്തിയിരുന്നു. എന്നാൽ 2024 നവംബർ 30ന് ബഹു മുഖ്യമന്ത്രി അധ്യക്ഷനായി ചേർന്ന ജേർണലിസ്റ്റ് പെൻഷൻ മാനേജിങ് കമ്മിറ്റി അദാലത്തുകൾ നടത്തി തീരുമാനങ്ങൾ എടുക്കുന്നതിലെ കാലതാമസം പരിഗണിച്ച്, വിവിധ കാരണങ്ങളാൽ അംശദായ അടവ് മുടങ്ങിയവർക്ക് ഒറ്റ തവണയിലൂടെ, കുടിശ്ശിക തുക പിഴയോടെ അടയ്ക്കുവാൻ അവസരം നല്കാൻ തീരുമാനിച്ചിരുന്നു .

30-11-2024-ലെ പത്രപ്രവർത്തക പെൻഷൻ മാനേജിങ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ കാരണങ്ങളാൽ അംഗത്വം റദ്ദായവരുടെ അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിനായി പുറപ്പെടുവിച്ച 12.02.2025-ലെ GO (Rt) No. 13/2025/IPRD നമ്പർ ഉത്തരവ് സംബന്ധിച്ച് ചുവടെ നൽകിയിട്ടുള്ള വിശദീകരണങ്ങൾ ജില്ലാ ഇൻഫർമേഷൻ / റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയങ്ങളിൽ അംശദായം സ്വീകരിക്കുന്ന വേളയിൽ ശ്രദ്ധിക്കേണ്ടതാണ്.

1. അംശദായ അടവ് മുടങ്ങിയത് കാരണം അംഗത്വം നഷ്ടപ്പെട്ടവരിൽ, മൂന്ന് തവണയിൽ കൂടുതൽ അടവ് മുടക്കം വന്നവർ നിലവിലെ പെൻഷൻ വ്യവസ്ഥ പ്രകാരം പൂർണമായും പദ്ധതിയിൽ നിന്ന് പുറത്താവുകയാണ്. അതിനാൽ, മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം ഇവരുടെ അപേക്ഷ പരിഗണിക്കേണ്ടതില്ല. ഇവർ, അതാത് ജില്ലാ ഇൻഫർമേഷൻ / റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങൾ വഴി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

2. പദ്ധതിയിൽ അംഗത്വം ലഭിക്കുകയും, ഒറ്റ തവണ പോലും അംശദായം അടയ്ക്കാതെ വിരമിക്കുകയും ചെയ്തവർക്ക് മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് ബാധകമല്ല. ഇവർ, ജില്ലാ ഇൻഫർമേഷൻ / റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങൾ വഴി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

JAYAKUMAR S

ഡെപ്യൂട്ടി ഡയറക്ടർ